**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6403** **10-07-2024 - ൽ മറുപടിയ്ക്ക്**

**കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും സംയുക്തമായി 2018-ൽ ഒപ്പുവച്ച ധാരണാപത്രം പ്രകാരം ഡ്രെഡ്ജർ ഉപയോഗിച്ചുള്ള പ്രവൃത്തികൾ അദാനി കമ്പനി പൂർത്തിയാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള പാറ ശേഖരിച്ച് ബാർജ്ജിൽ കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് അദാനി പോർട്ട്സും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും തമ്മിൽ 10/04/2018-ന് ഒപ്പ വച്ച ധാരണാപത്ര പ്രകാരം മുതലപ്പൊഴി ഹാർബറിലെ മൗത്തിലും ചാനലിലും 5 മീറ്ററും ഹാർബർ ബേസിനിൽ 3മീറ്ററും ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്രേക്ക് വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.<br><br>2021-22 കാലയളവിൽ ഡ്രഡ്ജർ ഉപയോഗിച്ച് ഡ്രഡ്ജിംഗ് നടത്തിയിരുന്നു. ചാനലിൽ ചിതറി കിടക്കുന്ന കല്ലുകളും ടെട്രോപോഡുകളും നീക്കം ചെയ്യുന്ന പ്രവർത്തി 80%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ മൂന്ന് ലോംഗ് ബൂം എസ്കവേറ്ററും, രണ്ട് ഷോർട്ട് ബൂം എസ്കവേറ്ററും ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത് വരുന്നു. എന്നാൽ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് മണ്ണ് അടിഞ്ഞു കൂടിക്കൊണ്ടിരിക്കുന്നതിനാൽ പ്രവൃത്തി പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല |
| (ബി) | കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട് അദാനി കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലെ സാഹചര്യത്തിൽ ചാനലിൽ സക്ഷൻ ഡ്രഡ്ജർ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത് എന്നാണ് അദാനി പോർട്ട്സിന്റെ നിലപാട്.<br><br>ദീർഘിപ്പിച്ച കാലയളവിലും ധാരണാപത്രപ്രകാരമുള്ള ആഴം ഉറപ്പാക്കുവാൻ M/s. Adani Ports-ന് കഴിയാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ഹാർബർ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിംഗ് വകുപ്പ് നടത്തി അതിന്റെ ചെലവ് അദാനി പോർട്ട്സ് വഹിക്കുന്ന തരത്തിൽ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, VISL, അദാനി പോർട്ട്സ് എന്നിവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 20/07/2024 -ന് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | അദാനി കമ്പനി കരാർ പ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സർക്കാർ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലെ സാഹചര്യത്തിൽ ചാനലിൽ സക്ഷൻ ഡ്രഡ്ജർ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത് എന്നാണ് അദാനി പോർട്ട്സിന്റെ നിലപാട്.<br><br>ദീർഘിപ്പിച്ച കാലയളവിലും ധാരണാപത്രപ്രകാരമുള്ള ആഴം ഉറപ്പാക്കുവാൻ M/s. Adani Ports-ന് കഴിയാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തി അതിന്റെ ചെലവ് അദാനി പോർട്ട്സ് വഹിക്കുന്ന തരത്തിൽ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, VISL, അദാനി പോർട്ട്സ് എന്നിവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 20/07/2024 -ന് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ